SUKUMARAN
136



# സ്വപ്നം

## കഥാസംഗ്രഹം

ബിസിനസ്സ് സംബന്ധമായ ഒരു സർക്കീട്ട് കഴിഞ്ഞു മടങ്ങി വരുന്ന ഒരവസരത്തിലാണ് വിശ്വനാഥൻ ഗൗരിയെ കണ്ടുമുട്ടുന്നത്. മലഞ്ചെരിവിലെ വിജനമായ വീഥിയിൽ— ഒട്ടുരാത്രിയിൽ ഒരു യക്ഷിയെപ്പോലെ അവൾ അയാളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഡ്രൈവറാണ് ആദ്യം കണ്ടത്. സഡൻ ബ്രേക്കിട്ട് അയാൾ കാർ നിറുത്തി. ഹെഡ് ലൈറ്റിന്റെ ശക്തമായ പ്രകാശത്തിൽ മുന്നിൽ നില്ക്കുന്ന അതിസുന്ദരിയായ യുവതിയെ വിശ്വനാഥൻ കണ്ടു. വെളുത്ത ഒരു പൂച്ചക്കുട്ടിയെ മാറത്തമർത്തിപ്പിടിച്ചുകൊണ്ടു അവൾ ചോദിച്ചു "എന്നെയുംകൂടി കൊണ്ടുപോകാമോ?"

അയാൾ കാറിന്റെ വാതിൽ തുറന്നുകൊടുത്തു. അവൾ കാറിനകത്തുകയറിയിരുന്നു. വിശ്വനാഥന്റെ ചോദ്യങ്ങൾക്കൊന്നും അവൾ വ്യക്തമായി മറുപടി നല്കിയില്ല. "ദയവു ചെയ്തു എന്നോടു ചോദ്യങ്ങളൊന്നും ചോദിക്കരുതു" എന്നായിരുന്നു അവളുടെ മറുപടി. എങ്കിലും വിശ്വനാഥൻ അവളെ കാറിൽനിന്നിറക്കിവിട്ടില്ല. അവളെ നേരെ തന്റെ വീട്ടിലേയ്ക്കാണ് കൊണ്ടുപോയതു്. വിശ്വന്റെ അമ്മയ്ക്കു ഗൗരിയെ വളരെ ഇഷ്ടപ്പെട്ടു. ആ അമ്മയിൽ ഗൗരിയുടെ സാമീപ്യം അത്ഭുതകരമായ വ്യത്യാസങ്ങൾ വരുത്തി. വിശ്വനാഥന്റെ ജീവിതത്തിലും മെല്ലെ മെല്ലെ ഒരടുക്കും ചിട്ടയുമൊക്കെ വന്നുതുടങ്ങി. ഹോട്ടലുകളിലും ടി. ബി. കളിലുമായി ഒഴിവുസമയം ചിലവഴിച്ചിരുന്ന വിശ്വൻ, ആ പതിവുകളെല്ലാം പെട്ടെന്നു നിറുത്തി. ഗൗരിയുടെ സാന്നിദ്ധ്യത്തിനുവേണ്ടി അയാളുടെ മനസ്സു കൊതിച്ചു. ഗൗരിയുടെ ഒരു നോട്ടത്തിനുവേണ്ടി, ഒരു വാക്കിനുവേണ്ടി, ഒരു മൃദുസ്വരത്തിനുവേണ്ടി, ആ ശാന്തമാധുരിക്കുവേണ്ടി അയാളുടെ മനസ്സു പിടച്ചു.

നാട്ടുകാർ അപവാദം പറയാൻ തുടങ്ങി. പരാതിയുടെ അലകൾ വിശ്വന്റെ സഹോദരന്റെ ചെവിയിലുമെത്തി. അവളെ ഉടനെ അടിച്ചിറക്കണമെന്നു് വാശിയുമായി വന്നെത്തിയ ചേട്ടനോടു് വിശ്വൻ ഏറ്റുമുട്ടി. "ഞാൻ ഗൗരിയെ കല്യാണം കഴിക്കും. അവളുമൊന്നിച്ചു ഞാൻ ഈ വീട്ടിൽ

താമസിക്കും" വിശ്വൻ ചേട്ടന്റെ മുഖത്തുനോക്കി ദൃഢസ്വരത്തിൽ പറഞ്ഞു. "ഇല്ല. ഞാൻ ഒരിക്കലും ചേട്ടന്റെ ഭാര്യയാവില്ല..." ഗൗരിയുടെ വാക്കുകൾ കേട്ട് വിശ്വൻ തളർന്നുപോയി.

ഒരുദിവസം കുടിച്ചു ബോധം കെട്ട് കടന്നുവന്ന വിശ്വത്തോട് അവൾ "ഇനി കുടിക്കരുത്" എന്നു കേണപേക്ഷിച്ചു. അന്നുരാത്രി അവൾ തന്റെ കഥ അയാളോട് പറഞ്ഞു.

കവിയായ ബിന്ദുവിന്റെ ആരാധികയായിരുന്നു ഗൗരി. ബിന്ദുവിന്റെ ഒരു മനോജ്ഞസ്വപ്നമായിരുന്നു അവൾ. പക്ഷേ അവൾക്ക് ബിന്ദു എന്ന വ്യക്തിയോടുള്ളതിനേക്കാൾ ഇഷ്ടം ആ വ്യക്തിയുടെ കവിതയോടായിരുന്നു. സാഹചര്യങ്ങൾ അവരെ തമ്മിലടുപ്പിച്ചു. പക്ഷേ ഗൗരിയുടെ രോഗഗ്രസ്തനായ പിതാവിനും ഒരു കവിതക്കാരനുമായുള്ള മകളുടെ ബന്ധം ഒട്ടും ഇഷ്ടപ്പെട്ടില്ല. സ്വപ്നങ്ങളും കവിതകളും മാത്രമായിരുന്നു ബിന്ദുവിന്റെ സമ്പത്ത്. ഗൗരിയെ ആശിക്കാൻ അയാൾക്കു മറ്റൊരർഹതയില്ലായിരുന്നു. ഗൗരിക്കുവേണ്ടി പണക്കാരനാവാൻ അയാൾ നാടുവിട്ടു.

ആയിടയ്ക്കു ഗൗരിയുടെ അച്ഛൻ മരിച്ചു. വീടുമായി പിണങ്ങിക്കഴിഞ്ഞിരുന്ന അവളുടെ ചേട്ടനും ഭാര്യയും അതോടെ വീടിന്റെ ഭരണം ഏറ്റെടുത്തു. ചേട്ടത്തിയുടെ ദുർമ്മാർഗ്ഗിയും, മദ്യപാനിയുമായ സഹോദരന്റെ പിടിയിൽ നിന്നും കുതറിയോടി രക്ഷപ്പെടാൻ ശ്രമിക്കവേയാണ് വിശ്വനാഥൻ അവളെ കണ്ടുമുട്ടിയത്. കഥ കേട്ടുകഴിഞ്ഞ വിശ്വനു അവളോട് സഹതാപം തോന്നി.

ബിന്ദു മടങ്ങിവന്നു. പണക്കാരനായിത്തന്നെ. തന്റെ ജീവിതസ്വപ്നമായ ഗൗരിക്കുവേണ്ടി അയാൾ നാട്ടിലെയ്ക്കു മടങ്ങുന്നതിനുമുമ്പേ ഒരു മണിമാളിക പണിയിച്ചിരുന്നു. നിറയെ പട്ടുസാരികളും, ആഭരണങ്ങളും, നോട്ടുകെട്ടുകളുമായി മടങ്ങിവന്ന ബിന്ദു, മറ്റൊരാളുടെക്കൂടെ ഗൗരി താമസിക്കുന്നതറിഞ്ഞു ഞെട്ടി. തനിക്കുവേണ്ടി തന്റെ മാളികയുടെ കോൺട്രാക്ക് എടുത്തിരുന്ന വിശ്വന്റെ വീട്ടിലാണവൾ എന്നുകൂടി അയാൾ അറിഞ്ഞു....താൻ പണിയിച്ചുകൊടുത്ത പുതിയവീട് പണക്കാരനായ ബിന്ദുവിനുവേണ്ടിയായിരുന്നുവെന്നു വിശ്വൻ മനസ്സിലാക്കി. താൻ ഏറ്റം ഭയപ്പെട്ടിരുന്ന ബിന്ദു! കലുങ്ങി തന്നെ വിശ്വൻ നേരെ ബിന്ദുവിന്റെ ബംഗ്ലാവിലേക്കാണ് പോയത്......

ശേഷം ഭാഗങ്ങൾ സ്ക്രീനിൽ കാണുക......

# പാട്ട് 1

ഗാനം: O. N. V. പാടിയത്; S. ജാനകി

സംഗീതം—സലിൽ ചൗധരി

ശാരികേ! എൻ ശാരികേ!
മാതളപ്പൂപോലെയൊരു
മാനസം ഞാനിന്നു കണ്ടു!
ആരും കാണാതാപ്പൂ ചൂടി
ഞാനെന്നും പാടി! (ശാരികേ...)

❁ ❁

ഞാനൊരു ഗാനമായി!
വീണപാടുമീണമായി!
സ്നേഹമാകും പൂവുചൂടി
ദേവതയായി! (ശാരികേ...)

❁ ❁

ഇന്നെൻ്റെ കിളിവാതിലിൽ പാടി നീ!
വിടരാൻ വിതുമ്പുമതോ പൂവിൻ ഗാനം!
ഏഴിലംപാല പൂത്തു
കതിരോല കാററിലാടി
പീലിനീർത്തി കേളിയാടൂ
നീലരാവേ!

(ശാരികേ!—എൻ ശാരികേ...)

## പാട്ട് 2

ഗാനം: O.N.V. സംഗീതം: സലിൽ ചൗധരി

പാടിയത്: S. ജാനകി

കാണാക്കുയിലേ! പാടൂ, പാടൂ നീ
കാവുകൾ പൂത്തു
താഴ്‌വരയാകെ താഴമ്പൂ ചൂടി

❋ ❋

മഴവിൽക്കൊടി കാവടിയഴകുവിടർത്തിയ
മാനത്തെപ്പൂങ്കാവിൽ
തുമ്പികളും—അവളുടെ പൊൻ-
മക്കൾക്കും തേനുണ്ടോ?

❋ ❋

കദളിപ്പൊൻകുമ്പിലെ തേനുണ്ടോ?
കാട്ടുപൂക്കൾ നേദിച്ച തേനുണ്ടോ?
കാവിലമ്മ വളർത്തും കുരുവീ!
തരുമോ നിൻകുഴൽത്താമരപ്പൂന്തേൻ?
(മഴവിൽക്കൊടി......)

❋ ❋

വയണപ്പൂ ചൂടുന്ന കാടേതോ!
വാസന്തിപ്പൂ ചൂടുന്ന കാവേതോ!
വയലമ്മ വളർത്തും കിളിയേ!
തരുമോ നിൻകുഴൽത്താമരപ്പൂന്തേൻ?
(മഴവിൽക്കൊടി ...)

## പാട്ട് 3

ഗാനം: O.N.V. സംഗീതം: സലിൽ ചൌധരി

പാടിയത്: വാണീജയറാം

സൌരയൂഥത്തിൽ വിടർന്നൊരു കല്യാണ-
സൌഗന്ധികമാണീ ഭൂമി!-അതിൻ-
സൂവർണ്ണപരാഗമാണോമനേ!-നീ!-അതിൻ-
സൌരഭമാണെന്റെ സ്വപ്നം!-
സ്വപ്നം—സ്വപ്നം—സ്വപ്നം.........

❋ ❋

നിന്നെ ഞാനെന്തു വിളിക്കും?-എ-
ന്നെന്നും തളിർക്കുന്ന സൌന്ദര്യമെന്നോ?
എൻജീവനൊലിയുന്ന സിന്ദൂരമെന്നോ?
എന്നാത്മസംഗീതമെന്നോ?
നിന്നെ ഞാനെന്തു വിളിക്കും?......

❋ ❋

നിന്നെ ഞാനെന്തു വിളിക്കും?-ആരും
പാടാത്ത പാട്ടിന്റെ മാധുര്യമെന്നോ?
ചൂടാത്ത പൂവിന്റെ നിശ്വാസമെന്നോ?
നിശ്വാസസൌഗന്ധമെന്നോ?
നിന്നെ ഞാനെന്തു വിളിക്കും?......

(സൌരയൂഥത്തിൽ......)

## പാട്ട് 4

ഗാനം: O.N.V. സംഗീതം: സലീൽ ചൗധരി

പാടിയത്: യേശുദാസ്

നീ വരൂ — കാവ്യദേവതേ!
നീലയാമിനീ—
തീരഭൂമിയിൽ,
നീറുമെൻ ജീവനിൽ കുളിരുമായി നീ
വരൂ—വരൂ—വരൂ! (നീ വരൂ ..)

❁ ❁

വിജനമീ വിഷാദഭൂമിയാകെ നിൻ—
മിഴികളോ—പൂക്കളോ
വിടർന്നു നിൽപ്പൂ സഖീ?
ഇതളിൽ കണ്ണീരോ? നിലാവോ? നീർമുത്തോ?
നീറുമെൻ ജീവനിൽ...

❁ ❁

കിളികളോ, കിനാവു കണ്ടു പാടി നിൻ—
വളകളോ, മൈനയോ?
കരളിൻ പൊൻവീണയോ?
കവിതേ! നിൻചുണ്ടിൽ കരിമ്പിൻ നീർമുത്തോ?
നീറുമെൻ ജീവനിൽ...
(നീ വരൂ കാവ്യദേവതേ......)

# പാട്ട് 5

ഗാനം : O.N.V.      സംഗീതം; സലിൽ ചൗധരി

പാടിയത്: യേശുദാസ്

മാനേ, മാനേ!
വിളികേൾക്കൂ;
വിളികേൾക്കൂ!

മലർവാക പൂത്ത വഴി നീളെ
മഞ്ഞ് കുളിരു പെയ്ത വഴി നീളേ
മാനേ!—തേടി വന്നു ഞാൻ!

❋ ❋

നീ കേളിയാടിയ മേടും
നിറമാല ചൂടിയ കാടും
കണ്ണുനീരുമായി വിളിപ്പൂ!
നിന്നെ വിളിപ്പൂ—എന്റെ
സ്വർണ്ണമാനേ!—വർണ്ണമാനേ!
നീ—ഓടിവരില്ലേ?
(മാനേ! മാനേ...)

❋ ❋

കാടായ കാടുകളാകെ
കണികണ്ടുനിന്ന കിനാവേ!
കണ്ണിൽവീണ മഞ്ഞത്തനിലാവേ!
കണ്ണീർ നിലാവേ!—എന്റെ
സ്വർണ്ണമാനേ!—വർണ്ണമാനേ!
നീ—ഓടിവരില്ലേ?
(മാനേ! മാനേ...)

## സരിതാഫിലിംസ്

# സ്വപ്നം

| | |
|---|---|
| കഥ | കേശവദേവ് |
| സംഭാഷണം | തോപ്പിൽ ഭാസി |
| ഗാനങ്ങൾ | ഒ. എൻ. വി. |
| സംഗീതം | സലിൽചൗധരി |
| പിന്നണിഗാനങ്ങൾ | യേശുദാസ്, ജാനകി & വാണിജയറാം |
| ഛായാഗ്രഹണം | അശോക്കുമാർ |
| സ്റ്റിൽസ് | ശിവൻ സ്റ്റുഡിയോ |
| എഡിററിംഗ് | രമേശ് |
| മേക്കപ്പ് | ഭാസ്കരൻ |
| കാസ്റ്റ്യൂംസ് | രാമചന്ദ്രൻ |
| കലാസംവിധാനം | സുരേന്ദ്രൻ |
| പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് | രാജേന്ദ്രൻ & അലക്സാണ്ടർ |
| അസി: ഡയറക്ഷൻ | പെരുവാരം ചന്ദ്രശേഖരൻ |

ഡയറക്ഷൻ

**ബാബു നന്തൻകോട്**

പ്രൊഡ്യൂസർ

**ശിവൻ**

## നടീനടന്മാർ

മധു

സുധീർ

കൊട്ടാരക്കര

ബഹദൂർ

നന്ദിതാബോസ്

റാണിചന്ദ്രാ

ആറന്മുള പൊന്നമ്മ

അടൂർഭവാനി

ആര്യാട്ട് ഗോപാലകൃഷ്ണൻ

ബാലൻ കെ. നായർ

രാധാമണി

നാരായണൻകുട്ടി

---

## വരുന്നു !

മഹാകവി കുമാരനാശാന്റെ

**ലീല**

മലയാററൂർ രാമകൃഷ്ണന്റെ

**ദ്വന്ദയുദ്ധം**

---

വിതരണം-ഹസീന

---

Printed at The Sathya Printers, Tvm-1.